# സമഭാവനയുടെ സാംസ്കാരികജീവിതം


ഡോ. സ്കറിയാ സക്കറിയ/സി. ഗണേഷ്

**മലയാളഗവേഷണരംഗത്തും അക്കാദമികഖേലയിലും അതിർത്തികളില്ലാതെ സഞ്ചരിച്ച വ്യക്തിയാണ് ഡോ. സ്കറിയാ സക്കറിയ. വ്യത്യസ്തതയാർന്ന അന്വേഷണാത്മകതകൊണ്ടും പുതുക്കാഴ്ചകളുടെ നിറഞ്ഞ നിരീക്ഷണങ്ങൾകൊണ്ടും സമ്പന്നമാണ് സ്കറിയാ സക്കറിയയുടെ ബൗദ്ധികലോകം. മലയാളപണ്ഡിതരിൽ ഇദ്ദേഹം തലയെടുപ്പോടെ, വേറിട്ടുനിൽക്കുന്നതും ഇതുകൊണ്ടുതന്നെ. 1947 മെയ് 15ന് കുട്ടനാടൻ കാർഷിക കുടുംബത്തിൽ ജനിച്ച സ്കറിയാ സക്കറിയ ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ അധ്യാപകനായിരുന്നു. ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ മലയാളവിഭാഗം തലവനായി സർവ്വീസിൽ നിന്ന് വിരമിച്ചു. ഒട്ടേറെ ഗ്രന്ഥങ്ങൾക്ക് ആമുഖ – അനുബന്ധ പഠനങ്ങൾ എഴുതി. ധാരാളം വിദേശ പണ്ഡിതരുമായി സഹകരിച്ചു പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം ബുദ്ധിജീവികൾക്കിടയിലെ വേറിട്ട സാന്നിദ്ധ്യമാകുന്നു. ജീവിതാഹ്ലാദത്തെ മൂല്യമായി സ്വീകരിക്കുന്ന ഈ പണ്ഡിതൻ സമഭാവനയുടെ സാംസ്കാരികത്തെളിച്ചത്തിൽ വിശ്വസിക്കുന്നു. 1976ൽ പ്രസിദ്ധീകരിച്ച *രണ്ടു പ്രാചീനഗദ്യകൃതികൾ* ആണ് ആദ്യകൃതി. ഉദയംപേരൂർ സുന്നഹദോസിലെ കാനോനകളും റോസിന്റെ നിയമാവലിയും എഡിറ്റു ചെയ്ത് അവതരിപ്പിക്കുന്ന കൃതിയാണിത്. ചങ്ങനാശ്ശേരി 99 എന്ന ഗ്രന്ഥം ചങ്ങനാശ്ശേരിയുടെ പ്രാദേശിക ചരിത്രമാണ്. 1986 മുതൽ 1990 വരെ ഡി. സി. ബുക്സിനു വേണ്ടി അതതുവർഷത്തെ തെരഞ്ഞെടുത്ത കഥകൾ പുസ്തകമാക്കി ഇറക്കി. *തർജമ: സിദ്ധാന്തവും പ്രയോഗവും, അഞ്ഞൂറ് വർഷത്തെ കേരളം: ചില അറിവടയാളങ്ങൾ* തുടങ്ങിയ കൃതികൾ എഡിറ്റു ചെയ്തു.**

ഡോ.സ്കറിയാ സക്കറിയ ശാന്തം മാസികയ്ക്ക് അനുവദിച്ച പ്രത്യേക അഭിമുഖം

**ബാല്യത്തെക്കുറിച്ചുള്ള ഓർമകൾ എന്തൊക്കെയാണ്?**

ഞാനൊരു കുട്ടനാട്ടുകാരനാണ്. അമ്പലപ്പുഴയ്ക്കും തിരുവല്ലയ്ക്കുമിടയിൽ തകഴിപഞ്ചായത്തിലെ ഗ്രാമമാണ് ചെക്കിടിക്കാട്. ഗ്രാമത്തിലെ എന്റെ ബാല്യകൗമാരങ്ങൾ ഇന്നത്തേതിൽനിന്ന് വ്യത്യസ്തമായി അയവുള്ള അന്തരീക്ഷം ഓർമയിലെത്തിക്കുന്നു. ഇന്ന് വിദ്യാർത്ഥികൾ അനുഭവിക്കുന്നത് മത്സരം നിറഞ്ഞ സാമൂഹ്യാന്തരീക്ഷമാണല്ലോ. മത്സരപരീക്ഷകൾക്കുവേണ്ടിയാണ് വിദ്യാഭ്യാസം തന്നെ! പുറത്തിറങ്ങാനും നടക്കാനും കളിക്കാനും കൂട്ടുകൂടാനും ജീവിക്കാനും ഇറുകിയ അന്തരീക്ഷം തടസ്സമുണ്ടാക്കുന്നതാണ് ഇന്ന് കാണുന്നത്. എല്ലാറ്റിന്റെയും രക്ഷകൻ താനാണ് എന്ന് ഓരോരുത്തരും വിശ്വസിക്കുന്ന കാലം. എന്നാൽ, എന്റെ കുട്ടിക്കാലം പരസ്പരം ഇടകലരാനും കൂടിച്ചേരാനുമുള്ള പൊതുഇടങ്ങൾ ധാരാളമുണ്ടായിരുന്ന കാലമായിരുന്നു.



ഡോ.സ്കറിയാ സക്കറിയ

അവനവന്റെ സൗകര്യംമാത്രം നോക്കുകയല്ല, മറ്റുള്ളവന്റെ സൗകര്യക്കേട് കൂടി പരിഗണിച്ച് അപരനെ സ്നേഹിച്ച് ജീവിക്കുന്ന സുഖം അന്ന് അനുഭവിച്ചിരുന്നു. അയവുള്ള ആ സാമൂഹ്യഘടന ലാഘവത്തിന്റേതല്ല എന്നോർക്കണം. അതിന് ഒരു ദർശനമുണ്ട്. സഹവർത്തിത്വത്തിന്റെയും സമഭാവനയുടെയും ദർശനം.

കുട്ടനാടൻ വയലുകൾ കൃഷി കഴിഞ്ഞാൽ ഒഴിഞ്ഞു കിടക്കും. അതിൽ എത്ര വേണമെങ്കിലും ഓടിക്കളിക്കാം, ചാടിമറിയാം, തിമിർക്കാം. അവിടെ നാനാജാതി മതത്തിൽപ്പെട്ടവരോടൊപ്പം ചാടിമറിഞ്ഞ് കളിച്ച് അവനവന്റേതായ ഇടം തീർക്കാൻ ശ്രമിച്ചത് ആഹ്ലാദകരമായ അനുഭവമാണ്.

അന്ന് ഞങ്ങൾ കേട്ടിരുന്നത്, ഞാൻ കണ്ടത് ജീവിതത്തിന്റെ സ്വാഭാവികമായ താളമായിരുന്നു. പുല്ലുചെത്തുന്നവരുമായി സംസാരിക്കുന്നു, പശുവിന് വൈക്കോൽ ഇട്ടുകൊടുക്കുന്നവരോടൊപ്പം കൂടുന്നു. പുല്ലിനോടും പുഴുവിനോടും കൈത്തോടിനോടും വർത്തമാനം പറഞ്ഞു നടന്ന കാലഘട്ടം. അന്നത്തെ വീടുകളും വിഭിന്നമായിരുന്നു. ഘടികാരത്തിന് ചിട്ടയൊപ്പിച്ചുള്ള ജീവിതമായിരുന്നില്ല വീടുകളിൽ. എന്റെ കർഷകകുടുംബത്തിലും അതായിരുന്നു സ്ഥിതി. വീട്ടിൽ നൂറോളം കോഴികളും പന്ത്രണ്ടോളം പശുക്കളുമുണ്ടായിരുന്നു. കോഴിയെ പെരുമ്പാമ്പു വിഴുങ്ങുന്ന ചെത്തം കേട്ട് ഉണരുകയും പശു ദഹനക്കേടുകൊണ്ട് അമറുന്നതുകേട്ട് അവയ്ക്ക് മരുന്നു നൽകാൻ എഴുന്നേൽക്കുകയും ചെയ്യുന്ന വീട്ടുകാർ. പ്രകൃതിയുമായി ഒന്നായലിഞ്ഞു ചേർന്ന ജീവിതം. പ്രകൃതിയിലെ ഒരു പോറൽ നമ്മുടെ ജീവിതചക്രത്തെ ബാധിക്കുമെന്ന് തിരിച്ചറിഞ്ഞിരുന്ന നാട്ടുജീവിതം.

ഞങ്ങളുടെ കർഷകകുടുംബത്തെ ആശ്രയിച്ച് ജീവിക്കുന്നവരും ഉണ്ടായിരുന്നു. കുട്ടനാടിന്റെ ഭൂമിശാസ്ത്രം ശ്രദ്ധിക്കുക. ഇടയ്ക്കിടെ വെള്ളപ്പൊക്കമുണ്ടാക്കുന്ന ഭീതിദമായ അരക്ഷിതാവസ്ഥ. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെയാണ് വെള്ളപ്പൊക്കം വരിക! അതുകൊണ്ടുതന്നെ, ജനങ്ങൾ തമ്മിൽ പരസ്പരം ആശ്രയിച്ചും സഹകരിച്ചും ജീവിതക്കലർപ്പിന്റെ ആശയശാസ്ത്രം നിർമ്മിച്ചെടുത്തു.

**വീട്ടിൽ നൂറോളം കോഴികളും പന്ത്രണ്ടോളം പശുക്കളുമുണ്ടായിരുന്നു. കോഴിയെ പെരുമ്പാമ്പു വിഴുങ്ങുന്ന ചെത്തം കേട്ട് ഉണരുകയും പശു ദഹനക്കേടുകൊണ്ട് അമറുന്നതുകേട്ട് അവയ്ക്ക് മരുന്നു നൽകാൻ എഴുന്നേൽക്കുകയും ചെയ്യുന്ന വീട്ടുകാർ. പ്രകൃതിയുമായി ഒന്നായലിഞ്ഞു ചേർന്ന ജീവിതം. പ്രകൃതിയിലെ ഒരു പോറൽ നമ്മുടെ ജീവിതചക്രത്തെ ബാധിക്കുമെന്ന് തിരിച്ചറിഞ്ഞിരുന്ന നാട്ടുജീവിതം.**

ജനങ്ങളുടെ പ്രധാനവാഹനം വള്ളങ്ങളായിരുന്നു. വെള്ളപ്പൊക്കകാലത്ത് ആശാരിമാർ തൊഴിലിനായി വരികയും പോകുകയും ചെയ്തു. വള്ളത്തിൽത്തന്നെ ഇരുന്ന് ആശാരിമാർ ചക്രം പണിയുന്നത്, അടുക്കളയിലുപയോഗിക്കേണ്ട തവി പണിയുന്നത് ഞാൻ നോക്കിനിന്നിട്ടുണ്ട്. "സമൂഹത്തെ മുന്നോട്ടു നയിക്കുന്നതിൽ ഓരോരുത്തർക്കും ഓരോ പങ്കുണ്ട്; എനിക്കും" എന്ന്അയാൾ തിരിച്ചറിഞ്ഞിരിക്കണം. കുട്ടനാട്ടിലെ വഴികളും ഊടുവഴികളും പെരുവഴികളും എന്നിൽ നിറച്ച ബാല്യകാലസൗഭാഗ്യം പറഞ്ഞാൽ തീരില്ല.

**കുടുംബത്തിനകത്തെ അയവ് (Flexibility) ഒന്ന് വിശദീകരിക്കാമോ?**

എന്നെ പള്ളിക്കൂടത്തിൽ ചേർത്തത് എന്റെ അപ്പനല്ല. എന്റെ വീട്ടിൽ ജോലിക്കാരനായിരുന്ന കർഷകത്തൊഴിലാളിയാണ്. അയാളോടൊപ്പം പറഞ്ഞുവിടുകയാണ് അപ്പൻ ചെയ്തത്. എന്റെ പേര് എനിക്കിട്ടത് അപ്പനോ അമ്മയോ അല്ല- പ്രൈമറിസ്കൂളിലെ ഹെഡ്മാസ്റ്ററാണ്. സ്കറിയാ സക്കറിയ എന്ന പേരിലെ പാരമ്പര്യക്കലർപ്പും സൗന്ദര്യബോധവും എന്നെ വിസ്മയപ്പെടുത്തിയിട്ടുണ്ട്. 'സ്കറിയ' എന്നത് സുറിയാനി പാരമ്പര്യത്തിന്റെ പ്രതിനിധാനമാണ്. 'സക്കറിയ' ആകട്ടെ പാശ്ചാത്യപാരമ്പര്യവും. ജനപ്രിയ സംസ്കാരവുമായി ബന്ധപ്പെട്ട് കലർപ്പിന്റെ മാഹാത്മ്യത്തെക്കുറിച്ച് പറയുമ്പോൾ എന്റെ പേരിനു പിന്നിലെ സൗന്ദര്യാത്മകമായ കലർപ്പിനെക്കുറിച്ച് ഞാൻ ഓർക്കാറുണ്ട്. വീട്ടിൽ പലതരക്കാരായ ആളുകൾ പല ആവശ്യത്തിനായി കയറിവന്നിരുന്നു. പരമ്പരാഗത കർഷകകുടുംബത്തിൽ നിന്ന് ഉന്നതവിദ്യാഭ്യാസം നേടുന്ന വ്യക്തി എന്ന നിലയിൽ യൗവനാരംഭത്തിൽത്തന്നെ എന്റെ അഭിപ്രായങ്ങൾക്ക് കുടുംബത്തിൽ വില കിട്ടിയിരുന്നു. അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം എനിക്കു ലഭിച്ചത്, നേരത്തേ പറഞ്ഞ അയവിന്റെ ഭാഗമാണെന്നു ഞാൻ കരുതുന്നു.

**സാധാരണ അഭിമുഖങ്ങളിൽ ബാല്യകാലത്തെക്കുറിച്ചു ചോദിക്കുമ്പോൾ അനുഭവിച്ച ദാരിദ്ര്യത്തെപ്പറ്റിയാണ് പലരും പറഞ്ഞു തുടങ്ങുക. താങ്കളാകട്ടെ പ്രസന്നമായ ബാല്യകൗമാരത്തെക്കുറിച്ചാണല്ലോ പറയുന്നത്. താങ്കൾ ദാരിദ്ര്യം അനുഭവിച്ചിട്ടില്ലേ?**

ഞാൻ ദാരിദ്ര്യം അനുഭവിച്ചിട്ടില്ല. എന്റെ അപ്പനമ്മമാർ സമ്പന്നരായിരുന്നില്ല. പക്ഷേ, അവർ ഉത്സാഹികളായിരുന്നു. കൃഷിഭൂമി പാട്ടത്തിനെടുത്ത് കാര്യബോധത്തോടെ സുന്ദരമായി നടത്തുമായിരുന്നു അപ്പൻ. വീട്ടുചെലവ് നടത്താൻ വേണ്ട പണം മുഴുവൻ അമ്മ സ്വയം സമ്പാദിച്ചിരുന്നു. കറവ ഒഴിയാത്ത വീടായിരുന്നു എന്റേത്. പിന്നെ അമ്മ കോഴികളെയും താറാവുകളെയും വളർത്തിയിരുന്നു. ചോറിനുള്ള അരി കൊണ്ടുവരുന്ന ജോലി മാത്രമേ അപ്പനുണ്ടായിരുന്നുള്ളൂ. ഇങ്ങനെ അപ്പനും അമ്മയും തമ്മിൽ പരസ്പരം സഹായത്തിന്റേതായ ഒരു സമ്പദ്ശാസ്ത്രവും ദാമ്പത്യശാസ്ത്രവും പണിയുകയായിരുന്നു. പരിമിതമായ സാമ്പത്തികവ്യവസ്ഥയ്ക്കുള്ളിൽ ഒരു ജീവിതം എങ്ങനെ പടുത്തുയർത്തണമെന്നാണ് അവർ കാണിച്ചുതന്നത്.

**അക്കാലത്തെ കുട്ടനാട്ടിലും ദാരിദ്ര്യം ഉണ്ടായിരുന്നില്ല എന്നു പറഞ്ഞാൽ എങ്ങനെ ശരിയാവും?**

ഉണ്ടായിരിക്കാം. പക്ഷേ, ഞാൻ കണ്ടതും ഉൾക്കൊണ്ടതും ദാരിദ്ര്യത്തിന്റെ പാഠങ്ങളല്ല. 1950കളിലെ കുട്ടനാട് എന്നു പറയുമ്പോൾ സാധാരണ പറയാറുള്ളത് മുലയറുക്കുന്ന മുതലാളി, മുതലാളിക്കെതിരെ ആയുധമെറിയുന്ന തൊഴിലാളി ഇതാണല്ലോ. എന്നാൽ ഞാൻ ചുറ്റുവട്ടത്ത് കണ്ടത് ആവശ്യബോധത്തിൽ നിന്നുണ്ടാവുന്ന സംഘബോധത്തിന്റെ മാതൃകകളായിരുന്നു. വർഗ്ഗവിഭജനം ഉണ്ടെങ്കിലും അവിടെ സജീവമായിരുന്നത് പ്രാദേശിക കൂട്ടായ്മയുടെ ശക്തിയായിരുന്നു.


പുലയനും കർഷകനും തമ്മിൽ പ്രത്യേകമായ ബന്ധം നിലനിന്നിരുന്നു. കർഷകൻ ജന്മിക്ക് ഓണക്കാലത്ത് കൊടുക്കുന്ന കാഴ്ചദ്രവ്യങ്ങൾ ജന്മി തൊഴിലാളികൾക്ക് വയറു നിറയെ, മനസ്സുനിറയെ നൽകുന്ന 'ഓണളവു'കൾ... ഇങ്ങനെ കൊടുക്കൽ -വാങ്ങലിന്റേതായ പ്രത്യേക സംസ്കാരം! മനുഷ്യ നന്മകളുടെ ഈ പൂക്കാലമാണ് ഞാൻ കണ്ടത്. ഇതിനി ടയിൽ വിമോചനസമരം നടന്നു. ആര് ജയിച്ചു, ആര് തോറ്റു, ആര് ഭരണത്തിൽ നിന്നിറങ്ങിപ്പോയി? എന്റെ കു ടുംബവും കർഷകതൊഴിലാളികളുമായുള്ള ബന്ധത്തെ അതൊന്നും ബാധിച്ചില്ല. ദാരിദ്ര്യത്തിന്റെ കഥകൾ പല ഭാഗത്തുനിന്നും കേൾക്കാമായിരുന്നു. എന്റെ കു ടുംബത്തിലുള്ളവർ ദാരിദ്ര്യദുഃഖം അനുഭവിച്ചവരുമായി സാഹോദര്യത്തോടെ പെരുമാറിയ വകയിൽ ഉദാ രമതികളായി അറിയപ്പെട്ടു.

**അദ്ധ്യാപനത്തിന്റെ, ഗവേഷണത്തിന്റെ മേഖലയിലെ ത്തുവാൻ സഹായിച്ചെന്ന് പിന്നീട് തിരിച്ചറിഞ്ഞ അക്കാലത്തെ എന്തെങ്കിലും സംഭവങ്ങൾ?**

മേൽപറഞ്ഞ നാടൻജീവിതത്തിന്റെ ആത്മവിശ്വാസം തന്നെയായിരുന്നു വലിയ കൈമുതൽ. പിന്നെ നാനാജാതിമതസ്ഥർ ഒരുമിച്ചിരുന്നു പഠിക്കുന്ന വിദ്യാലയങ്ങൾ കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ തുടക്കമായിരുന്നു അത്. ഞങ്ങൾക്കത് പുതുവെളിച്ചം നൽകി. ഇന്ന് പൊതുവിദ്യാഭ്യാസം പല കാരണങ്ങ ളാൽ തകർന്നുകൊണ്ടിരിക്കുമ്പോൾ ഈ പാരമ്പര്യം ഓർമ്മിക്കത്തക്കതാണ്. ഹൈസ്കൂളിലേക്ക് മൂന്നുനാലു കിലോമീറ്റർ ഓടിനടന്നാണ് പഠിച്ചത്. സംഘബോധത്തിന്റെ വേളകളായിരുന്നു അവയൊക്കെ. കുട്ടനാട്ടിലെ വ്യത്യസ്ത മതക്കാരുടെ ആരാധനാലയ ങ്ങൾ, പരസ്പരം അറിഞ്ഞും വേദനകൾ മനസ്സിലാക്കിയു മുള്ള ദിനസരികൾ....അങ്ങനെ ഒരിക്കൽ സെന്റ് മേരീസ് ലൈബ്രറിയിൽ എത്തപ്പെട്ടു. ഇന്നും നന്നായി പ്ര വർത്തിക്കുന്ന വായനശാലയാണത്. അവിടത്തെ പുസ്തകങ്ങളുടെ വൻശേഖരം എനിക്ക് ജീവിതത്തിന്റെ മറ്റൊരു ലോകം കാണിച്ചുതന്നു. ലൈബ്രറിയുടെ പേരിൽ മതമുണ്ടെങ്കിലും അവിടെ എല്ലാ മതക്കാരും വരുമായിരുന്നു. ശരിക്കുമൊരു ജനവിജ്ഞാനകേന്ദ്രം. നാട്ടുകാരനായ വൈദികനായിരുന്നു അവിടത്തെ ലൈബ്രേറിയൻ. അയാൾ ചില പുസ്തകങ്ങൾ എടുത്തു നീട്ടി. അവ മാത്രമല്ല, അവിടത്തെ നാനാതരം ജനങ്ങളു മൊത്തുള്ള സംസാരവും വിചാരവും ചർച്ചയുമൊക്കെ എന്നിലെ അന്വേഷകനെ വളർത്തിയിരിക്കണം.

**പരമ്പരാഗത കത്തോലിക്കാ കുടുംബത്തിൽ ജനിച്ച താങ്കളുടെ ചെറുപ്പത്തിൽ മതസംബന്ധിയായ മാർഗ്ഗനിർദ്ദേശങ്ങളുണ്ടായിരിക്കുമല്ലോ. അവരുമായി താങ്കൾ എതിരിട്ടോ താദാത്മ്യം പ്രാപിച്ചോ? ഒരു അന്വേഷകൻ താങ്കളുടെ ഉള്ളിലുണ്ടായിരുന്ന തുകൊണ്ട് മതദർശനത്തെ പ്രതിരോധിക്കുകയാ യിരിക്കും ചെയ്തിരിക്കുക എന്നു തോന്നുന്നു. ശരിയാ ണോ?**

മതപരമായി കാർക്കശ്യമുള്ള തറവാടായിരുന്നു എന്റേത്. സമ്മതിക്കുന്നു. എന്റെ വല്യപ്പന്റെ സഹോദരൻ വൈദികനായിരുന്നു. പൗരോഹിത്യം വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സഹായിക്കുന്നത് കണ്ടത് അറിവിന്റെ പുതിയ തുറസ്സുകളിലേക്ക് യാത്ര ചെയ്യുവാൻ പ്രേ രണയായി. ഗ്രാമീണർ തമ്മിൽ പരസ്പര മത്സരമായി





രുന്നില്ല. നായരും ഈഴവരും പുലയരും ക്രിസ്ത്യാനിക ളുമായിരുന്നു ചെക്കിടിക്കാട്ട് കൂടുതലുണ്ടായിരുന്നത്. സിറിയൻകത്തോലിക്കക്കാരെയല്ലാതെ, ക്രൈസ്തവവി ഭാഗത്തിൽ മറ്റാരെയും ഞാൻ അവിടെ കണ്ടതേയില്ല. മതക്കാർ തമ്മിൽ പരസ്പരബഹുമാനവും സ്നേ ഹവും നിലനിന്നു. ഇത് ഞാൻ എടുത്തു പറയുന്നത് ഇന്നത്തെ ഊഷരമായ അവസ്ഥയിലാണ്. ചുരുക്കത്തിൽ, അറിവിന്റെ പുതുബോധത്തിലേക്ക് ഉണരാൻ തയ്യാറാ വുന്ന എന്റെ തലമുറക്ക് വേണ്ടുന്നതായ ഭൗതികവും ബൗദ്ധികവുമായ ഇൻഫ്രാസ്ട്രക്ചർ തനിയേ രൂപ പ്പെട്ടിരുന്നു. മതമോ മതാനുശാസനമോ അവിടെ ഒരു തട സ്സമായില്ല എന്നുതന്നെയാണ് ഞാൻ വ്യക്തമാക്കുന്നത്.

**അതൊന്ന് വിശദീകരിക്കാമോ?**

കത്തോലിക്ക സമുദായത്തിൽ ചില വിലക്കുകളൊ ക്കെയുണ്ടായിരുന്നു. ഉദാഹരണത്തിന് പുരുഷന്മാർ മീശ വെക്കുന്നതിനോട് സഭയ്ക്ക് എതിർപ്പായിരുന്നു. പിന്നെ സംഗീതത്തിനോടും നൃത്തത്തിനോടും യാഥാസ്ഥിതിക സമീപനമായിരുന്നു. എന്നാൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പ്രോത്സാഹന മായിരുന്നു.

**ചവിട്ടുനാടകപാരമ്പര്യമുള്ള ക്രൈസ്തവസമൂഹത്തിന് നൃത്തത്തോട് എതിർപ്പോ!**

ചവിട്ടുനാടകമൊക്കെ ക്രൈസ്തവരിൽ ചെറു സമൂഹത്തിന്റെ കലയായിരുന്നു. വ്യാപകമായ അംഗീകാര



മൊന്നും അതിനില്ലായിരുന്നു. പിന്നെയുണ്ടായിരുന്നത് മാർഗ്ഗംകളിയായിരുന്നു. അതും ഇപ്പറഞ്ഞപോലെ എല്ലാ ക്രൈസ്തവരുടേതൊന്നുമായിരുന്നില്ല. യുവജനോത്സവത്തിൽ ഒരു ഇനമായതോടുകൂടിയാണ് മാർഗ്ഗംകളി ക്രൈസ്തവമുദ്രയണിഞ്ഞ് കേരളമൊട്ടാകെ വ്യാപിച്ചത്. പിന്നീട് ക്രിസ്ത്യാനിയുടേതെന്ന് മാനകീകരിക്കപ്പെട്ട് ചേർക്കുകയായിരുന്നു അതെല്ലാം.

**ചുരുക്കത്തിൽ, മതത്തെ എതിർക്കാതെ വിധേയനായിത്തന്നെയാണ് താങ്കളുടെ യുവത്വം കടന്നുപോയത് എന്നു സാരം?**

എതിർപ്പ് എന്താണ് എന്നുള്ളതിനെപ്പറ്റി ഞാൻ പറയാം. ഞാൻ ജീവിതത്തിൽ എന്തിനെയും എതിർത്തിട്ടുള്ളത് നേരിട്ടല്ല; നിയമപരമായിട്ടായിരിക്കും. അല്ലെങ്കിൽ പ്രേരണാപരമായിരിക്കും. മറ്റു തരത്തിലുള്ള എതിർപ്പുകളുടെ മൂല്യം കുറച്ചുകാണുന്നില്ല. ഞങ്ങളുടെ കുട്ടിക്കാലത്താണ് സിനിമ ഗ്രാമങ്ങളിൽ രംഗപ്രവേശം ചെയ്യുന്നത്. അപ്പൻ സിനിമ കാണാൻ അനുവദിക്കുമായിരുന്നില്ല. കാണരുത് എന്ന വിലക്ക് അനുസരിക്കാനാണ് എനിക്ക് തോന്നിയത്. എന്റെ സഹോദരൻമാരാകട്ടെ വിലക്ക് ലംഘിച്ച് തുടർച്ചയായി സിനിമയ്ക്ക് പോകും! അവർ മോശമാണെന്നു തോന്നിയിട്ടില്ല. മതബന്ധമായ ചിട്ടകളും അതുപോലെ ഞാൻ അനുസരിച്ചു. ഇതൊരു മാനസികസിദ്ധി എന്നൊന്നും വലിപ്പം പറയുകയല്ല, സഹജാവബോധമെന്നു തിരിച്ചറിയുന്നു. അമ്പലങ്ങൾക്കും പള്ളികൾക്കും അകത്ത് എന്ത് നടക്കുന്നു എന്നറിയാൻ എനിക്ക് വലിയ താൽപര്യമാണ്. എന്നാൽ, അനുവാദമുള്ളിടത്തേ ഞാൻ പോയിട്ടുള്ളൂ. ചങ്ങനാശ്ശേരി പെരുന്നക്ഷേത്രത്തിൽ അഹിന്ദുക്കൾക്ക് വിലക്കില്ലാത്ത ഒരു കാലത്ത് അവിടെ കയറി കണ്ടിട്ടുണ്ട്. എന്നാൽ, ചങ്ങനാശ്ശേരിപരിസരത്തുതന്നെയുള്ള വാഴപ്പള്ളി-തൃക്കൊടിത്താനംക്ഷേത്രം കാണാൻ പലതരം പ്രലോഭനമുണ്ടായെങ്കിലും അവിടത്തെ വിലക്ക് മാനിച്ച് ഞാൻ ആശയടക്കം പാലിക്കുകയാണ് ചെയ്തത്. ഞാൻ പറഞ്ഞുവരുന്നത് ഇത് വിധേയത്വമല്ല എന്നാണ്. മതത്തിന്റെ വിലക്കുകളെ ലംഘിക്കാൻ പോകാത്തതുകൊണ്ട് അവയെ അനുകൂലിക്കുന്നുവെന്ന് അർത്ഥമില്ല. രാഷ്ട്രീയകക്ഷികളോടുള്ള ബന്ധവും ഇത്തരത്തിൽ തന്നെ.

**ഇതിന്റെ മറുവശം പ്രതികരണം കുറയും എന്നതാണ്....**

പ്രതികരിക്കാൻ വേണ്ടി പ്രതികരിക്കുന്നതിൽപ്പരം വഞ്ചന മറ്റെന്താണുള്ളത്? പ്രതികരണത്തൊഴിലാളികളെക്കൊണ്ട് നിറഞ്ഞിരിക്കുകയല്ലേ കേരളം? യേശുദാസിനെ ഗുരുവായൂർക്ഷേത്രത്തിൽ കയറ്റാൻ പറ്റില്ലെന്ന് ചിലർ പറയുന്നു. പലരും പ്രതികരിച്ചു. വാദങ്ങളും എതിർവാദങ്ങളും വന്നു. പക്ഷേ, യേശുദാസ് അതേപ്പറ്റി ഒന്നും പറയുന്നില്ല. അത്തരം മൗനത്തിന്റെ നാനാർത്ഥങ്ങളിലാണ് എന്റെ വിശ്വാസം.

**കോളജ് പഠനകാലത്തെക്കുറിച്ചുള്ള ഓർമ്മകൾ എന്തൊക്കെയാണ്?**

പ്രീയൂണിവേഴ്സിറ്റിക്ക് ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസിൽ ചേർന്നു. ബി.എസ്.സി. ഭൗതികശാസ്ത്രമെടുത്തു പഠനം തുടങ്ങി. ചങ്ങനാശ്ശേരി പായിപ്പാടിൽ എന്റെ സഹോദരി ഉണ്ടായിരുന്നു. അവരുടെ വീട്ടിലും ഹോസ്റ്റലിലുമായിട്ടാണ് പഠിച്ചത്. ഇടക്ക് നാട്ടിൽ ബോട്ടിലുള്ള വരവ് മറക്കാനാവാത്ത സ്മരണക ളുണർത്തുന്നു. ബോട്ട് ഒരു ചെറിയ ലോകംതന്നെയായിരുന്നു. തെണ്ടിയും കമ്മ്യൂണിസ്റ്റും കളിക്കാരനും അധികാരിയുമൊക്കെ ഒരുമിച്ച് യാത്രചെയ്യുന്നു. അവർക്കിടയിലെ സംവാദങ്ങൾ. കൊടുക്കൽ -വാങ്ങലുകൾ. ആയിടക്ക് ജവഹർലാൽ നെഹ്രു തിരുവല്ലയിൽ വരുന്നുവെന്നു കേട്ടു. മുപ്പതു കിലോമീറ്ററോളം നടന്ന് നെഹ്റുവിന്റെ പ്രസംഗം കേൾക്കാൻ പോയി. നെഹ്രു പത്തു മിനിറ്റേ

**പ്രതികരിക്കാൻ വേണ്ടി പ്രതികരിക്കുന്നതിൽപ്പരം വഞ്ചന മറ്റെന്താണുള്ളത്? പ്രതികരണത്തൊഴിലാളികളെക്കൊണ്ട് നിറഞ്ഞിരിക്കുകയല്ലേ കേരളം? യേശുദാസിനെ ഗുരുവായൂർക്ഷേത്രത്തിൽ കയറ്റാൻ പറ്റില്ലെന്ന് ചിലർ പറയുന്നു. പലരും പ്രതികരിച്ചു. വാദങ്ങളും എതിർവാദങ്ങളും വന്നു. പക്ഷേ, യേശുദാസ് അതേപ്പറ്റി ഒന്നും പറയുന്നില്ല. അത്തരം മൗനത്തിന്റെ നാനാർത്ഥങ്ങളിലാണ് എന്റെ വിശ്വാസം.**

പ്രസംഗിച്ചുള്ളൂ. ജനനിബിഡമായിരുന്ന മൈതാനത്ത് സി.എം.സ്റ്റീഫൻ നടത്തിയ അവ്യക്തമായ തർജ്ജമ കേട്ട്, സന്തോഷവാനായി തിരികെനടന്നത് ഓർമ്മയുണ്ട്.

ഭൗതികശാസ്ത്രത്തിന്റെ വിസ്മയക്കാഴ്ചകളിലൊന്നും മനസ്സ് നിന്നില്ല. ഫലമോ, ബി.എസ്.സി. ഒന്നാം ക്ലാസിൽ ജയിക്കാനായില്ല. അതിനിടെ പ്രസംഗമത്സരത്തിലൊക്കെ ശോഭിച്ചിരുന്നു. എങ്ങനെയോ മലയാളം എന്റെ വഴിയാണെന്നു തോന്നി. മടിച്ചുമടിച്ചാണ് അപ്പനോട് മലയാളം എം.എ.ക്ക് ചേരണമെന്നു പറഞ്ഞത്. എന്തുകൊണ്ടോ ഒരു വൈമനസ്യവും കൂടാതെ അപ്പൻ

അതിന് സമ്മതിക്കുകയാണ് ഉണ്ടായത്.

ബർക്ക്മാൻസിൽ ഉന്നതനിലവാരം പുലർത്തുന്ന, ചിട്ടയുള്ള വിഭാഗമായിരുന്നു മലയാളവിഭാഗം. പി.വി. ഉലഹന്നാൻ മാപ്പിള, കെ.വി.രാമചന്ദ്രപൈ എന്നിവരുടെ വ്യക്തിപ്രഭാവം ആരെയും സ്വാധീനിക്കാൻ പോന്നതായിരുന്നു; പാണ്ഡിത്യം ആർക്കും പുതുക്കാഴ്ച നൽകാൻ കെൽപുള്ളതും. രാമചന്ദ്രപൈയുടെ കേരളപാണിനീയം ക്ലാസുകൾ നർമ്മമധുരവും തെളിമയുള്ളതുമായിരുന്നു. കുറിക്കുകൊള്ളുന്ന തമാശകൾ പറയുമ്പോൾ അദ്ദേഹം മുഖത്തെ ചിരി തൂത്തുകളയുകയും വിദ്യാർത്ഥികളെ ആവോളം ചിന്തിപ്പിക്കുകയും ചെയ്യും. 'പാണിനീയ'ത്തിൽനിന്ന് അദ്ദേഹം കണ്ടെടുത്ത പ്രത്യുദാഹരണങ്ങൾ അറിവിൻ മുത്തുകളായിരുന്നു. അദ്ദേഹത്തിന്റെ ലെക്ചർനോട്ട് പകർത്തി പ്രിന്റുചെയ്താൽ ഒന്നാന്തരം വ്യാകരണപുസ്തകങ്ങളാകുമായിരുന്നു. എന്നാൽ, രാമചന്ദ്രപൈ പ്രസിദ്ധീകരിക്കാനായി ഒന്നും എഴുതിയില്ല. ചങ്ങനാശ്ശേരിയിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'കേരള ഡൈജസ്റ്റി'ന്റെ സ്ഥാപകപത്രാധിപരായിരുന്നു പൈ.

**ബർക്ക്മാൻസിൽ തന്നെ താങ്കൾ പിന്നീട് അധ്യാപകനായി. അവിടെ കാൽ നൂറ്റാണ്ട് പഠിപ്പിച്ചു. ആ കാലയളവ് എന്തു തന്നു?**

മാനേജ്മെന്റ് സന്തോഷത്തോടെ ജോലിക്ക് നിയോഗിച്ചു. നാഷനൽ സർവീസ് സ്കീമിന്റെ ആദ്യത്തെ ഡയറക്ടറായി സേവനം നടത്തി. വൈജ്ഞാനികമായി മാത്രമല്ല എല്ലാ മേഖലയിലും വ്യത്യസ്തമാർന്ന പരിപാടികൾ നടത്താൻ ശ്രമിച്ചു. ഇടുക്കിജില്ലയിലെ ഉപ്പുതററോഡ്, കമ്പംമേട്റോഡ് എന്നിവ ഗതാഗതത്തിനു പറ്റിയതായി മാറിയത് ഞങ്ങളുടെ പ്രവർത്തനം മൂലമായിരുന്നു. കോളജിലെ ആർട്സ് ക്ലബിന്റെ പ്രവർത്തനങ്ങളിലും പങ്കാളിയായി. എം.പി.പോൾ തുടങ്ങിവെച്ച ഷേക്സ്പിയർ ക്ലബ് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. ശാകുന്തളം നാടകം അരങ്ങിലെത്തിച്ചു. നാടകത്തിന്റെ ഗ്രന്ഥപാഠം മാത്രമല്ല, അവതരണത്തിലും സാങ്കേതികവിദ്യയിലുമൊക്കെ ശ്രദ്ധിക്കണമെന്ന് അവതരണത്തിലൂടെ മനസ്സിലാക്കി. അദ്ധ്യാപനത്തിന്റെ തുടർച്ചയിൽത്തന്നെ ഇതിനെ കാണാൻ സഹഅദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനം ഉപകരിച്ചു.

മറ്റൊരു ഭാഗത്ത് വൈലോപ്പിള്ളി, കോവിലൻ തുടങ്ങിയവരുടെ കൃതികൾ പഠിപ്പിക്കാനുള്ള ഭാഗ്യം കൈവന്നു. കോവിലന്റെ 'ഹിമാലയ'മൊക്കെ പഠിപ്പിക്കുക എന്നത് അക്കാലത്ത് വെല്ലുവിളിയായിരുന്നു. പുതിയ സെൻസിബിലിറ്റി പരിചയപ്പെടുത്താൻ കഴിഞ്ഞതിൽ ഞാൻ ആഹ്ലാദിക്കുകയായിരുന്നു. എന്റെ മലയാളംക്ലാസ്സിൽ മലയാളം വിദ്യാർത്ഥികൾ മാത്രമല്ല, മറ്റു വിദ്യാർത്ഥികളും ഒളിച്ചുകയറി ഇരിക്കുമായിരുന്നത്രെ. പിന്നീട് വിദേശങ്ങളിൽ പലയിടത്തുവച്ച് അത്തരക്കാരായ വിദ്യാർത്ഥികളെ ഞാൻ കണ്ടുമുട്ടിയത് സ്നേഹാദരത്തോടെ ഓർക്കുന്നു.

**ഗവേഷണത്തിലേക്ക് താങ്കളുടെ ശ്രദ്ധ തിരിഞ്ഞതെങ്ങനെ?**

കേരളയൂണിവേഴ്സിറ്റി 1972ൽ നടത്തിയ റിഫ്രഷർ കോഴ്സ് ഒരനുഭവമായിരുന്നു. ആ അനുഭവോർജത്തിൽ നിന്നാണ് ഗവേഷണത്തിലേക്കു തിരിഞ്ഞത്. സ്റ്റൈലിറ്റിക്സ് എന്നു വിളിക്കുന്ന ശൈലീവിജ്ഞാനീയ




മായിരുന്നു അന്നത്തെ ട്രെൻഡ്. തമിഴ് സർവകലാശാല വി.സി.യായിരുന്ന ഡോ.വി.ഐ. സുബ്രഹ്മണ്യത്തെ സന്ദർശിച്ചു. 'വയലാർക്കവിതയുടെ ശൈലീവിജ്ഞാനീയം' എന്ന വിഷയത്തിൽ പഠനം നടത്താനുള്ള ആഗ്രഹം പറഞ്ഞു. അദ്ദേഹം ചിരിച്ചു. നീ ചെയ്യേണ്ടത് പ്രാചീനമിഷണറിഗദ്യത്തിന്റെ വ്യാകരണം തയ്യാറാക്കുകയാണ് എന്ന് ആലോചിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. നിനക്കതിനു കഴിയും എന്നുകൂടി പറഞ്ഞപ്പോൾ ആത്മവിശ്വാസം ഉണ്ടായി. അങ്ങനെ പഠനം തുടങ്ങി. ഉദയംപേരൂർ സുന്നഹദോസ് കാനോനകൾ മൂന്നു മാസത്തിനുള്ളിൽ കണ്ടെടുത്തു. 1976ൽ 'രണ്ട് പ്രാചീനകൃതികൾ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. മാന്നാനം സി.എം.ഐ ആശ്രമത്തിന്റെ ഗ്രന്ഥാലയവും കെ.എം.ഡാനിയേലിന്റെ ഗ്രന്ഥശേഖരവും നല്ലപോലെ സഹായിച്ചു.

ഡി.സി.കിഴക്കേമുറിയും സുബ്രഹ്മണ്യവും ചേർന്ന് പ്രകാശനം നടത്തി. അന്നത്തെ എം.എ. പാഠ്യ പദ്ധതിയിലേക്ക് പുസ്തകം കടന്നുചെന്നു. പിന്നീട് പലപ്പോഴായി പുസ്തകത്തിന്റെ പല പതിപ്പുകൾ വന്നു. ഭാഷാശാസ്ത്രം, ചരിത്രം, സംസ്കാരപഠനം തുടങ്ങിയവയുടെ രീതിശാസ്ത്രങ്ങൾ സമന്വയിപ്പിച്ച് ഓരോ പതിപ്പിലും പരിഷ്കാരങ്ങൾ വരുത്തി പുതുക്കാനും ഞാൻ ശ്രമിച്ചു.

**ജർമനിയിലെ ട്യൂബിങ്ങൻ സർവ്വകലാശാലയിലെ**



*ഹെർമൻ ഗുണ്ടർട്ട്*

**ഹസ്തലിഖിതഗ്രന്ഥാലയത്തിൽനിന്ന് മലയാള ഗ്രന്ഥങ്ങൾ കണ്ടെടുത്ത അനുഭവം മറ്റൊരു മലയാളിക്കും സ്വന്തമല്ല. അതെങ്ങനെയായിരുന്നു?**

ആദ്യപുസ്തകത്തിനു ലഭിച്ച സ്വീകരണംകൊണ്ടായിരിക്കാം, ബെർലിനിൽവച്ച് ലോകമലയാള സമ്മേളനത്തിലേക്കുള്ള പ്രതിനിധികളുടെ കൂട്ടത്തിൽ എന്നെയും ക്ഷണിച്ചു. ജർമനിയിൽ ചെന്നപ്പോൾ ഗുണ്ടർട്ടിന്റെ ജന്മനഗരമായ സ്റ്റുഡ്ഗാർട് കാണണമെന്ന് ആഗ്രഹമായി. എന്റെ പഴയ വിദ്യാർത്ഥിയായിരുന്ന ബാബു നാൽപതാംകളത്തിന്റെ ആതിഥ്യം സ്വീകരിച്ച് ഒരാഴ്ച ജർമനി കാണാനിറങ്ങി. യാത്രക്കിടയിൽ സംസ്കൃതത്തിൽ ഡോക്ടർ ബിരുദമുള്ള മകളെ (ആൽബ്രഷ്ട് ഫ്രൻസിനെ) പരിചയപ്പെടാൻ ഇടയായി. ഗുണ്ടർട്ടിന്റെ കൊച്ചുമകളുടെ ഭർത്താവാണ് അയാൾ. ഗുണ്ടർട്ടിന്റെ കൈയ്യെഴുത്തുകൾ നേരിൽ കാണണ മെന്ന് എനിക്ക് ആഗ്രഹമായി. ആൽബ്രഷ്ടും എന്നോടൊപ്പം ചേർന്നു. ട്യൂബിങ്ങൻ സർവകലാശാലയിലേക്ക് ഫോൺചെയ്തപ്പോൾ സ്റ്റോർ ഹൗസിൽ നോക്കണമെന്നും ഒരാഴ്ചത്തെ സമയം വേണമെന്നും മറുപടി കിട്ടി. ഒരാഴ്ചക്കുശേഷം ഞാനും ആൽബ്രഷ്ടും ട്യൂബിങ്ങനിൽ പോയി. അവിടെ അച്ചടിച്ച മലയാളംപുസ്തകങ്ങൾ കാണാൻ കഴിഞ്ഞു. അവിടത്തെ ഡോ.ഗ്രൂസ്നർ സാഹസികനായ ജിജ്ഞാസുവായിരുന്നു. അദ്ദേഹം സ്റ്റോർ കൂടി കണ്ടിട്ടു പോകാൻ നിർദ്ദേശിച്ചു. അവിടെ ഏതാനും ചാക്കുകെട്ടുകൾ മൂലയിൽ ഇരിക്കുന്നതു കണ്ടു. തുറന്നുനോക്കിയപ്പോൾ അവയെല്ലാം മലയാളം കൈയെഴുത്ത് ഗ്രന്ഥങ്ങളായിരുന്നു. അവയിൽ പ്രധാനം ഔദ്യോഗിക കത്തിടപാടുകളായ തലശ്ശേരിരേഖകളായിരുന്നു. കേരളചരിത്രത്തിനു ലഭിച്ച വലിയ രേഖാശേഖരമാണത്. എം.ആർ.രാഘവവാരിയർ ഇതിനെ ചരിത്രഭാഗ്യം എന്നാണ് വിളിക്കുന്നത്.

**ഗുണ്ടർട്ട് പരമ്പര എന്ന പേരിൽ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ മലയാളത്തിൽ സമാഹരിക്കുന്നതിന് താങ്കൾ നേതൃത്വം നൽകിയിരുന്നുവല്ലോ. ഭാഷാസ്നേഹി, ഗവേഷകൻ എന്നീ നിലകളിൽ മറ്റ് പാശ്ചാത്യ ഗവേഷകരിൽനിന്ന് ഗുണ്ടർട്ട് വേറിട്ടുനിൽക്കുന്നത് എപ്രകാരമാണ്?**

ജർമൻ ദാർശനികകേന്ദ്രമാണ് ട്യൂബിങ്ങൻ സർവ്വകലാശാല. അവിടന്നു പഠിച്ചിറങ്ങിയ ഗുണ്ടർട്ടിന് ഭാഷ, സംസ്കാരം എന്നിവയെക്കുറിച്ച് തത്ത്വനിഷ്ഠമായ ധാരണയുണ്ടായിരുന്നു. കേരളത്തിലെത്തിയ മറ്റ് മിഷണറിമാരിൽനിന്നും വ്യത്യസ്നായിരുന്നു അദ്ദേഹം. ക്രിസ്ത്യാനിയാക്കുകയല്ല, കേരളീയ സംസ്കാരവുമായുള്ള അഭിമുഖമുണ്ടാക്കലായിരുന്നു അദ്ദേഹത്തിന്റ കർമ്മഫലം. കേരളീയരുമായുള്ള ഒരു സംഭാഷണം വികസിപ്പിക്കാൻ ഗുണ്ടർട്ടിനു കഴിഞ്ഞു. ജർമൻ സംസ്കാരത്തിനും കേരളസംസ്കാരത്തിനുമിടയിൽ ഗുണ്ടർട്ട് ഒരു നടുവനായി നിൽക്കുന്നു. ക്രൈസ്തവതയുടെ പ്രചാരകനായല്ല, ഫലത്തിൽ സാംസ്കാരികപ്രവർത്തകനായാണ് അദ്ദേഹം സ്വീകരിക്കപ്പെട്ടത്. ക്രൈസ്തവഭാഷയിലല്ല, കേരളത്തിന്റെ പരമ്പരാഗതഭാഷയിലാണ് ഗുണ്ടർട്ട് സംസാരിച്ചത്. അതിനാൽത്തന്നെ മതേതരകേരളം ഗുണ്ടർട്ടിനെ അംഗീകരിക്കുന്നു.

**മലയാളത്തിലെ ആദ്യനോവൽ എന്ന നിലയിൽ ഒരു പുസ്തകം കണ്ടെടുക്കുകയുണ്ടായല്ലോ. ആ ചർച്ച പിന്നീടാരും ഏറ്റെടുത്തില്ല എന്നു തോന്നിയിട്ടുണ്ടോ? അതേപ്പറ്റി താങ്കളുടെ വാദം എന്താണ്?**

അച്ചടിച്ച കാലം നോക്കിയാൽ ആദ്യനോവലാകുന്ന കൃതിയാണ് 'ഫുൽമോനിയുടെയും കോരുണയുടെയും കഥ' എന്ന നോവൽ. 1858ലാണ് ഇത് മലയാളത്തിൽ വരുന്നത്. 1879ലാണ് 'ഘാതകവധം' വരുന്നത്. എന്നാൽ, എന്റെ വാദത്തെ എതിർത്ത് കെ.എം.തരകൻ, ജോർജ് ഇരുമ്പയം തുടങ്ങിയവർ അത് തർജ്ജമയാണ്,

അച്ചടിച്ച കാലം നോക്കിയാൽ ആദ്യനോവലാകുന്ന കൃതിയാണ് 'ഫുൽമോനിയുടെയും കോരുണയുടെയുംകഥ' എന്ന നോവൽ. 1858ലാണ് ഇത് മലയാളത്തിൽ വരുന്നത്. 1879ലാണ് 'ഘാതകവധം' വരുന്നത്. എന്നാൽ, എന്റെ വാദത്തെ എതിർത്ത് കെ.എം.തരകൻ, ജോർജ് ഇരുമ്പയം തുടങ്ങിയവർ അത് തർജ്ജമയാണ്, സദുദ്ദേശപരമായ കൃതിയാണ്, നോവലല്ല എന്നൊക്കെ വാദിച്ചു. നോവൽ കൈകാര്യം ചെയ്യുന്ന ഭാഷാശിൽപമാണ് ആ കൃതിയിലേത്. നോവലിന്റെ ആഖ്യാനശിൽപത്തിൽ ആവിഷ്കരിപ്പെട്ട ആദ്യ മലയാളകൃതി. എന്നാൽ, വാദത്തിന്റെ ഗൗരവമായ വശമല്ല ചർച്ചചെയ്യപ്പെട്ടത്. അതൊരു സാഹിത്യ ചരിത്ര – വിജ്ഞാനീയ – താത്ത്വികപ്രശ്നമായി വളരാതെപോയത് ഖേദകരമാണ്.

സദുദ്ദേശപരമായ കൃതിയാണ്, നോവലല്ല എന്നൊക്കെ വാദിച്ചു. നോവൽ കൈകാര്യം ചെയ്യുന്ന ഭാഷാശിൽപമാണ് ആ കൃതിയിലേത്. നോവലിന്റെ ആഖ്യാനശിൽപത്തിൽ ആവിഷ്കരിപ്പെട്ട ആദ്യ മലയാളകൃതി. എന്നാൽ, വാദത്തിന്റെ ഗൗരവമായ വശമല്ല ചർച്ചചെയ്യപ്പെട്ടത്.

അതൊരു സാഹിത്യ ചരിത്ര-വിജ്ഞാനീയ-താത്ത്വികപ്രശ്നമായി വളരാതെപോയത് ഖേദകരമാണ്. സാഹിത്യപ്രസ്ഥാനം എങ്ങനെ രൂപപ്പെടുന്നു എന്നതിനെക്കുറിച്ചുള്ള കടുംപിടുത്തങ്ങൾ ആ ചർച്ചയെ മുന്നോട്ടുകൊണ്ടുപോയില്ല. നോവലിന്റെ ലക്ഷണങ്ങൾ നമ്മൾ നേരത്തെ തയ്യാർചെയ്തുവച്ചിരിക്കുന്നു. എന്നിട്ട്, നമ്മുടെ പുസ്തകത്തിലുള്ള ലക്ഷണങ്ങൾ കൃതിയിലുണ്ടോ എന്ന് അന്വേഷിക്കുന്നു! ഇത് ശരിയായ രീതിയല്ല.

**താങ്കളുടെ ചില ക്ലാസ്സുകളിൽ ഇരുന്ന വ്യക്തി എന്ന നിലയിൽ എന്റെ അനുഭവത്തിൽ നർമത്തിന്റെ മേമ്പൊടി ചേർത്തുള്ള വ്യാകരണവും സംസ്കാരപഠനവും താങ്കളുടെ അദ്ധ്യാപനശൈലി നിർണയിക്കുന്നതായി തോന്നുന്നു. അദ്ധ്യാപനം അദ്ധ്യയനം കൂടിയാണെന്ന് താങ്കൾ തിരിച്ചറിയുന്നുവോ?**

സംവാദത്തിലാണ് എന്റെ ശ്രദ്ധ. സംവാദം നടത്തി അറിവിനെ മുന്നോട്ടുകൊണ്ടുപോവുകയാണു വേണ്ടത്. സമ്മർദ്ദമോ അധികാരമോ പാടില്ല. പല വാദങ്ങൾ ഉണ്ടാവാം. ഉണ്ടാവട്ടെ. വാദത്തിന്റെ താളത്തിൽ നിന്നും താളഭംഗത്തിൽനിന്നും പുതിയ തീർപ്പുകൾ ഉണ്ടാവട്ടെ. സഹപഠിതാക്കളിൽ അപകടഭയം ഉണ്ടാക്കി സമ്മതിപ്പിക്കുന്ന രീതിയോട് വിയോജിപ്പാണെനിക്ക്. എതിർപക്ഷത്തെ ഭാവനാപൂർവ്വം കേൾക്കണം. സംവാദമണ്ഡലത്തിൽ നർമം സ്വാഭാവികമായി വരും. കൊലവിളിയല്ല വരിക. നമ്പൂതിരി ഇല്ലങ്ങളിലെ വെടിവെട്ടസംസ്കാരം ഓർക്കുക. അവിടെ പല വിജ്ഞാനങ്ങളും കടന്നുവരുമായിരുന്നു. ആൽത്തറ, ചായക്കടസംവാദങ്ങൾ, സ്ത്രീസദസ്സുകൾ എന്നിവ ആലോചിക്കൂ. ഒക്കെയും നർമത്തിനിടമുള്ള സംവാദഭൂമികളാണ്. പഴയ രാമചന്ദ്രപൈയുടെ സ്വാധീനവും ഉണ്ടായിരിക്കാം.

**കേരളത്തിലെ ബുദ്ധജീവികളെക്കുറിച്ച് എന്താണഭിപ്രായം?**

അമിതഗൗരവം, കപടഗൗരവം, എല്ലാറ്റിന്റെയും ആധികാരികത തങ്ങൾക്കെന്ന് അവകാശപ്പെടൽ.... ഇതൊക്കെ ഇന്നത്തെ ബുദ്ധിജീവികളിൽ കാണുന്നു. "യഥാർത്ഥത്തിൽ സംഭവിക്കുന്നത്" എന്നു പറഞ്ഞ് തുടങ്ങും. യാഥാർത്ഥ്യം അവരുദ്ദേശിക്കുന്നതെന്തോ, അതാണെന്നു പറഞ്ഞുതരും. സ്വതന്ത്രലോകത്തെ കാണാത്തവരാണ് ബുദ്ധിജീവികളിൽ ഭൂരിപക്ഷവും. അവർ പുതുമയെ ഭയപ്പെടുന്നു. സർഗാത്മകതയിൽ കേരളം പിന്നാക്കമാണെന്നു പറയാൻ എനിക്കു മനസ്സുവരുന്നില്ല. കഴിവുകൾ വികസിക്കണമെങ്കിൽ സഹിഷ്ണുതയുള്ള ചുറ്റുപാടുണ്ടാകണം. മാത്രമല്ല, ഇന്നത്തെ നിലയിൽ സാങ്കേതികവിദ്യയുടെ സാദ്ധ്യത ഉപയോഗിക്കാനും കഴിയണം.

**പുതുമയെക്കുറിച്ച് പറഞ്ഞപ്പോഴാണ് ഒരു കാര്യം ഓർമ്മവന്നത്. ജനപ്രിയ സംസ്കാരപഠനത്തിന്റെ കേരളത്തിലെ അറിയപ്പെടുന്ന വക്താവാണ് താങ്കൾ. വ്യത്യസ്തമായ നിലപാട് താങ്കൾ പലപ്പോഴും സ്വീകരിച്ചിട്ടുണ്ട്.**

പുതുമയിൽനിന്ന് മുഖം തിരിക്കാനാവില്ല. അത് യാഥാസ്ഥിതികർക്കേ കഴിയൂ. ഭാഷ ശുദ്ധമായിരിക്കണം, മലയാളം മരിക്കുന്നു, ഇപ്പോൾ വികൃതമലയാളമാണ് എന്നൊക്കെ കേട്ടാൽ എനിക്ക് ചിരി വരും. കാരണം,





ഭാഷ ഏകശിലാത്മകമായി ഉണ്ടായതല്ല. 'ലീലാതിലക'ത്തിൽ സംസ്കൃതപ്രത്യയം ചേർത്ത മലയാളപദം കാണാം. എപ്പോഴും മലയാളം സംസ്കൃതത്തിന്റെ വാലിൽ തൂങ്ങിനടക്കണമെന്നാണോ? രഞ്ജിനി ഹരിദാസിന്റെ മലയാളം മോശമാണെന്നു ചിലർ പറയുന്നു. എനിക്കു തോന്നുന്നത്, ആ പെൺകൊച്ച് മലയാളത്തിന്റെ മധുരകാണ്ഡമാണ് എന്നാണ്. മലയാളത്തെയും ഇംഗ്ലീഷിനെയും കൂട്ടിച്ചേർത്ത് മറ്റൊരു മലയാളം ആ കുട്ടി ഉണ്ടാക്കുന്നു. അത് കേരളത്തിലെ ജനങ്ങളൊന്നാകെ ആസ്വദിക്കുന്നു. ആസ്വദിച്ചശേഷം അത് തെറ്റാണെന്ന് വിളിച്ചുപറയുന്ന നമുക്കാണ് തെറ്റുപറ്റിയത്, ഭാഷയുടെ വളർച്ച മനസ്സിലാക്കുന്നതിൽ. കാലടി ശ്രീശങ്കരസർവ്വകലാശാലയിലെ പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ച് ജനപ്രിയസംസ്കാര പഠനരംഗത്ത് ചിലതെല്ലാം ചെയ്യാൻ സാധിച്ചു. അക്കാദമിക ഗുണ്ടായിസം നടക്കുന്ന കേരളത്തിൽ ഇങ്ങനെ വഴിമാറിയും ചിന്തിക്കാം എന്ന സൂചന നൽകാൻ കഴിഞ്ഞു. ഗവേഷണം പുച്ഛിച്ചു പുറത്തു നിർത്തിയ മിമിക്രി, ടി.വി പരിപാടികൾ, സീരിയലുകൾ, പരസ്യങ്ങൾ എന്നിവയെക്കുറിച്ച് ഗൗരവമായി പഠിക്കാൻ കഴിയുമെന്നു തെളിയിച്ചു. നിശ്ചിതമായ പ്രത്യയശാസ്തത്തിനപ്പുറം ചിന്തിക്കാൻ പരിശീലിച്ചു. ഇക്കാര്യത്തിൽ യുവാക്കളായ ഗവേഷകരും അദ്ധ്യാപകരും കാണിച്ച ഉത്സാഹം മറക്കാനാവില്ല.

**രഞ്ജിനി ഹരിദാസിന്റെ മലയാളം മോശമാണെന്നു ചിലർ പറയുന്നു. എനിക്കു തോന്നുന്നത്, ആ പെൺകൊച്ച് മലയാളത്തിന്റെ മധുരകാണ്ഡമാണ് എന്നാണ്. മലയാളത്തെയും ഇംഗ്ലീഷിനെയും കൂട്ടിച്ചേർത്ത് മറ്റൊരു മലയാളം ആ കുട്ടി ഉണ്ടാക്കുന്നു അത് കേരളത്തിലെ ജനങ്ങളൊന്നാകെ ആസ്വദിക്കുന്നു. ആസ്വദിച്ചശേഷം അത് തെറ്റാണെന്ന് വിളിച്ചുപറയുന്ന നമുക്കാണ് തെറ്റുപറ്റിയത്, ഭാഷയുടെ വളർച്ച മന ിലാക്കുന്നതിൽ.**

**പക്ഷേ, ജനപ്രിയ സംസ്കാരപഠനങ്ങൾക്ക് ആഴം കുറവാണെന്ന വിമർശനം ശ്രദ്ധിച്ചിട്ടുണ്ടോ?**

ആഴം എന്ത് എന്നാണ്. മിമിക്രിയെക്കുറിച്ച് ജനപ്രിയ




പഠിതാവ് പഠിക്കുന്നത് അതിന്റെ സാമൂഹ്യഫലമെന്ത് എന്നാവും. ചിഹ്നവിജ്ഞാനീയത്തിന്റെ സഹായത്തോടെ സംസ്കാരത്തിന്റെ പൊരുൾ തിരക്കുന്ന പ്രവർത്തനമാണത്. പരമ്പരാഗതമായ ആഴത്തിന്റെ അളവുകോലുമായി ജനപ്രിയസംസ്കാരമേഖലയിലേക്ക് ദയവായി പ്രവേശിക്കരുതേ.

**സംസ്കാരവ്യവസായത്തിന്റെ കേരളത്തിലെ മൊത്തക്കച്ചവടക്കാരാണ് കാലടി സർവ്വകലാശാലയിലെ മലയാളവിഭാഗമെന്ന് പരിഹസിക്കുന്നവരുണ്ട്.....**

എന്തായാലും സംസ്കാരപഠനത്തെ പ്രത്യേക പഠനമേഖലയായി വികസിപ്പിച്ചു എന്നതിന് തെളിവാണത്. നല്ലത്! നടക്കട്ടെ! എല്ലാവർക്കും സംസ്കാരപഠനം നടത്താൻ സാധിക്കുകയില്ല. ആ നിലയ്ക്ക് ഇത്തരം ആരോപണങ്ങൾ മലയാളവിഭാഗത്തിന്റെ ഐഡന്റിറ്റിയായി കൂടി കണക്കാക്കാം.

**ചെറുകഥാപഠനത്തിൽ താങ്കൾ ശ്രദ്ധ കേന്ദ്രീകരിച്ച സമയമുണ്ടായിരുന്നതായി ഓർക്കുന്നു. ഡി.സി. ബുക്സിനായി തെരഞ്ഞെടുത്തകഥകൾ പ്രസിദ്ധീകരിച്ചത്, ഭാഷപോഷിണിയിലെ ശ്രദ്ധേയലേഖനങ്ങൾ.. എന്നാൽ പിന്നീട് താങ്കൾ ചെറുകഥയെ ഗൗരവമായി സമീപിച്ചില്ല. എന്താണ്കാരണം?**

ചെറുകഥ വായിക്കാൻ ഞാനിഷ്ടപ്പെടുന്നു. 1986ൽ ആ വർഷത്തെ മികച്ച കഥകൾ തെരഞ്ഞെടുത്ത് പഠനം തയ്യാറാക്കാനാവുമോ എന്ന് ഡി.സി.കിഴക്കേമുറി ചോദിച്ചപ്പോൾ അഞ്ച് വർഷം തയ്യാറാക്കി. കർക്കശമായി പറഞ്ഞാലേ എനിക്ക് എഴുതാനാവൂ. ഇപ്പോഴും ഞാൻ കഥകൾ വായിക്കുന്നുണ്ട്, കേട്ടോ!

**2005 മുതൽ 'താപസം' ത്രൈമാസികത്തിന്റെ എഡിറ്ററാണ് താങ്കൾ. പത്രാധിപർ എന്ന നിലയിലുള്ള അനുഭവമെന്താണ്?**

'താപസം' പ്രസിദ്ധീകരിക്കുന്നതിനുമുൻപ് ഒരു കൂട്ടായ്മയായിരുന്നു- താരതമ്യപഠനസംഘം. മുതിർന്ന പണ്ഡിതർക്കും യുവഗവേഷകർക്കും സമഭാവനയോടെ ചർച്ചചെയ്യാൻ ഒരു വേദി എന്ന നിലയിൽ ആരംഭിച്ചതാണത്. 'താപസ'ത്തിന്റെ വാർഷികപരിപാടികളൊക്കെ ഒന്നാന്തരം പഠനക്കളരികളായിരുന്നു. അങ്ങനെയിരിക്കെയാണ് ഒരു പ്രസിദ്ധീകരണത്തെപ്പറ്റി ആലോചിച്ചത്. റഫേഡ്ജേർണലായതിനാൽ കൃത്യസമയത്തിറക്കാൻ പല കാരണങ്ങളാലും സാധിക്കുന്നില്ല. സാമ്പത്തികബുദ്ധിമുട്ടുമുണ്ട്.

**മലയാളം സർവ്വകലാശാല യാഥാർത്ഥ്യമായിരിക്കുന്നു. മലയാളത്തെ വളർത്താൻ അവിടെ ഏതു രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കണം?**

കെ. ജയകുമാർ എന്ന പ്രതിഭാധനൻ തന്നെ അവിടെ വി.സി.യായി വന്നതിൽ ആഹ്ലാദിക്കുന്നു. എന്നാൽ എല്ലാ കാര്യങ്ങളും അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ നിൽക്കുമോ? കാത്തിരുന്ന് കാണേണ്ടിയിരിക്കുന്നു. മലയാളസർവ്വകലാശാലയിൽനിന്ന് എല്ലാവരും ഏറെ പ്രതീക്ഷിക്കുന്നു. സ്നേഹക്കൂടുതൽ കാരണം മക്കളെ കൂടുതൽ ശിക്ഷിക്കുമല്ലോ. അതുപോലെയാവും അവിടത്തെ ഇടപെടൽ. ശാസ്ത്രീയവിവേക ത്തോടെ വേണം അവിടെ പാഠ്യപദ്ധതിയും ക്രമീകരണങ്ങളും രൂപപ്പെടുത്തേണ്ടത്. സാഹിത്യകേന്ദ്രമായി അതിനെ ഒതുക്കരുത്. വൈജ്ഞാനികത സാഹിത്യ-രംഗപാഠങ്ങൾ കൊണ്ട് പൂരിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള പഠനപ്രവർത്തനം നടക്കണം.

**കുടുംബം?**

ഇപ്പോൾ ചങ്ങനാശ്ശേരിയിലാണ് താമസം. സിൻഡിക്കേറ്റ് ബാങ്കിൽ ഉദ്യോഗസ്ഥയായിരുന്ന

**മലയാളസർവ്വകലാശാലയിൽനിന്ന് എല്ലാവരും ഏറെ പ്രതീക്ഷിക്കുന്നു. സ്നേഹക്കൂടുതൽ കാരണം മക്കളെ കൂടുതൽ ശിക്ഷിക്കുമല്ലോ. അതുപോലെയാവും അവിടത്തെ ഇടപെടൽ ശാസ്ത്രീയവിവേക ത്തോടെ വേണം അവിടെ പാഠ്യപദ്ധതിയും ക്രമീകരണങ്ങളും രൂപപ്പെടുത്തേണ്ടത്. സാഹിത്യകേന്ദ്രമായി അതിനെ ഒതുക്കരുത്. വൈജ്ഞാനികത സാഹിത്യ-രംഗപാഠങ്ങൾകൊണ്ട് പൂരിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള പഠനപ്രവർത്തനം നടക്കണം.**

മേരിക്കുട്ടിയാണ് ഭാര്യ. 'അടുക്കളയിൽ നിന്ന് കിച്ചണിലേക്ക്' എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മകൾ സുമ സ്കറിയ സെൻട്രൽ യൂണിവേഴ്സിറ്റി കർണാടകയിൽ ഇക്കണോമിക്സ് വിഭാഗം അദ്ധ്യാപികയാണ്. മകൻ അരുൾജോർജ് സ്കറിയ ബൽജിയത്തിൽ നിയമകാര്യത്തിൽ (ബൗദ്ധിക സ്വത്തവകാശനിയമം) പോസ്റ്റ് ഡോക്ടറൽ ചെയ്യുന്നു ●